# COMMISSION FOR CATECHETICS

*(Archeparchy of Kottayam)*

**Rev. Dr. Bressan Ozhungalil**
**Chairman**
**E-Mail:frbressanj@gmail.com**
**Mob: 9495080049**

**Knanaya Catholic Chaithanya Pastoral Centre**
**Thellakom P.O., Kottayam- 686 630**
**Phone : 0481 - 2791098**
**E-Mail:catechismktm@gmail.com**

---

# STD V

പാഠം 1

## ബൈബിൾ രക്ഷയുടെ ചരിത്രം

1. ബൈബിൾ എന്ന വാക്കിന്റെ അർത്ഥം എന്ത്?
പുസ്തകം

2. പഴയനിയമത്തിന്റെ പൂർത്തീകരണമാണ്.................
പുതിയനിയമം

3. ...................... എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ബൈബിൾ എന്ന വാക്ക് ഉണ്ടായത്?
ബിബ്ലിയ

4. ദൈവവചനം കേൾക്കുന്നവന് ................. ലഭിക്കുന്നു?
\നിത്യജീവൻ

5. വിശുദ്ധഗ്രന്ഥം............ ലക്ഷ്യമാക്കി ജീവിക്കുന്നതിനുള്ള വഴികാട്ടിയായിത്തീരുന്നു
സ്വർഗ്ഗം

6. പഞ്ചഗ്രന്ഥിയുടെ ഉള്ളടക്കമെന്ത്?
പ്രപഞ്ചസൃഷ്ടി, ഇസ്രായേൽ ജനതയുടെ തിരഞ്ഞെടുപ്പ്, അടിമത്തത്തിൽ നിന്നുള്ള മോചനം, വിശുദ്ധ നാട്ടിലേയ്ക്കുള്ള പ്രവേശനം, ജീവിതനിയമങ്ങൾ എന്നിവ അടങ്ങുന്നതാണ് പഴയനിയമത്തിലെ ആദ്യത്തെ അഞ്ച് ഗ്രന്ഥങ്ങൾ

7. ബൈബിൾ ദൈവത്തിന്റെ സന്ദേശമാണെന്ന് പറയുന്നത് എന്തുകൊണ്ട്?
ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹത്തിന്റെ പ്രകാശനവും സന്ദേശവുമാണ് ബൈബിളിലെ പുസ്കങ്ങളിൽ നിറഞ്ഞുനിൽക്കുന്നത്. ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയിരിക്കുന്നത് ബൈബിളിലൂടെയാണ്. ബൈബിളിലൂടെ സംസാരിക്കുന്നത് ദൈവം തന്നെയാണ്.

8. ബൈബിളിൽ ആകെ എത്ര പുസ്തകങ്ങൾ? പഴയനിയമത്തിൽ എത്ര? പുതിയനിയമത്തിൽ എത്ര?
ആകെ 73, പഴയനിയമം 46, പുതിയനിയമം 27